## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1365

13.07.2016 ൽ മറുപടിയ്ക്ക്

## ലാവ്‌ലിൻ കേസിന്റെ നിലവിലെ അവസ്ഥ

ചോദ്യം
ശ്രീ.പി.സി.ജോർജ്

ഉത്തരം
ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ലാവ് ലിൻ കേസിലെ പ്രതികളെ കുറ്റ വിമുക്തരാക്കിയ വിചാരണ കോടതി നടപടിക്ക് എതിരെ ഹൈക്കോടതിയിൽ സി.ബി.ഐ. യുടെ റിവിഷൻ ഹർജി നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കേസിന്റെ നമ്പരും നിലവിലെ അവസ്ഥയും വിശദമായി വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുത റിവിഷൻ ഹർജിയുടെ നമ്പർ CRL.RP 206/2014 ആണ്. ഈ ഹർജി നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ് ഉള്ളത്. |
| (സി) | ലാവ് ലിൻ കേസ് പരിഗണിക്കുന്നത് രണ്ട് മാസത്തേയ്ക്ക് നീട്ടി വയ്ക്കാൻ ബഹു.ഹൈക്കോടതി തീരുമാനിച്ച ദിവസം ഏതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത കാലാവധി എന്നാണ് തീരുന്നതെന്ന് അറിയിക്കുമോ ; | (സി) | ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട ഹർജികൾ ബഹു. ഹൈക്കോടതി 09.06.2016 ലാണ് പരിഗണിച്ചത്. അന്നേ ദിവസം 2 മാസത്തേയ്ക്ക് സമയം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ ഹൈക്കോടതിയിലുള്ള ലാവ് ലിൻ കേസിലെ പ്രതികൾ ആരൊക്കെയെന്ന് പേരു സഹിതം ക്രമമായി വിശദമാക്കുമോ; | (ഡി) | നിലവിൽ ഹൈക്കോടതിയിൽ ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട് ഒരു റിവിഷൻ ഹർജി മാത്രമാണ് നിലനിൽക്കുന്നത്. പ്രസ്തുത കേസിൽ എതിർ കക്ഷികളെ സി.ബി.ഐ കോടതി ഡിസ്ചാർജ് ചെയ്യുതു കൊണ്ട് ഹൈക്കോടതിയിൽ സി.ബി.ഐ ഫയൽ ചെയ്ത റിവിഷൻ ഹർജി മാത്രമാണ് നിലവിലുള്ളത്. ആയതിനാൽ റിവിഷൻ ഹർജിയിൽ എതിർകക്ഷികൾ മാത്രമാണ് ഉള്ളത്. |
| (ഇ) | ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് ഇവർക്കെതിരെ കേസ് എന്നും കേസിലെ സെക്ഷൻ സഹിതം വിശദമാക്കുമോ? | (ഇ) | പിരിവ് (ഡി) ക്കുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യത്തിന് പ്രസക്തിയില്ല |

R.N.

സെക്ഷൻ ഓഫീസർ